പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4534 — 26.06.2014 ൽ മറുപടിക്ക്

## ഗ്യാസ് വിതരണ ഏജൻസികളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. എസ്. സലീഖ: | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

(എ) വിവിധ ഗ്യാസ് കമ്പനികൾ പൊതു വിതരണത്തിനായി സംസ്ഥാനത്താകമാനം എത്ര ഏജൻസികൾക്ക് അനുമതി നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എ) വിവിധ ഗ്യാസ് കമ്പനികൾ പൊതുവിതരണത്തിനായി അനുമതിനൽകിയിട്ടുള്ള ഏജൻസികളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു;

| ജില്ല | ഏജൻസികളുടെ എണ്ണം. |
|---|---|
| തിരുവനന്തപുരം | 45 |
| കൊല്ലം | 32 |
| പത്തനംതിട്ട | 20 |
| ആലപ്പുഴ | 29 |
| കോട്ടയം | 36 |
| ഇടുക്കി | 24 |
| എറണാകുളം | 69 |
| തൃശൂർ | 43 |
| പാലക്കാട് | 33 |
| മലപ്പുറം | 35 |
| കോഴിക്കോട് | 37 |
| കണ്ണൂർ | 47 |
| വയനാട് | 8 |
| കാസർഗോഡ് | 15 |

(ബി) 2011 ന് ശേഷം നാളിതുവരെ എത്ര ഏജൻസികളുടെ അംഗീകാരം റദ്ദാക്കിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2011 ന് ശേഷം നാളിതുവരെ ഒരു ഏജൻസിയുടെയും അംഗീകാരം റദ്ദാക്കിയിട്ടില്ല.

(സി) ഗ്യാസ് വിതരണ ഏജൻസികൾ ഉപഭോക്താവിന് യഥാസമയം സിലിണ്ടർ നല്കാതെ വർഷാവസാനത്തിനുള്ളിൽ അനുവദിച്ചിട്ടുള്ള 12 സബ്സിഡി ഗ്യാസ് സിലി

(സി) ഒരു ഉപഭോക്താവ് ഒരു വർഷം 12 സിലിണ്ടറിന് അർഹനാണ്. എങ്കിലും ഗ്യാസ് സിലിണ്ടർ ലഭ്യമാക്കുന്നത്, ലഭ്യതയും റീഫിൽ ബുക്കിംഗിന്റെ മുൻഗണനയും അനുസരിച്ചാണ്. എല്ലാ എണ്ണക്കമ്പനി

| | | | |
|---|---|---|---|
| | ണ്ടറുകൾ വാങ്ങാൻ കഴിയാതെ വരുന്നതും തുടർവർഷങ്ങളിലും ഇത്തരത്തിൽ സംഭവിക്കുന്നതും അതിലൂടെ ഏജൻസികൾ വെട്ടിപ്പു നടത്തി ഉപഭോക്താവിനെ കബളിപ്പിക്കുന്നതും തടയുവാൻ എന്തു നടപടികൾ സ്വീകരിക്കും എന്നു വ്യക്തമാക്കുമോ; | | കൾക്കും ഏജൻസികൾ വെട്ടിപ്പുനടത്തി ഉപഭോക്താവിനെ കബളിപ്പിക്കുന്നത് തടയുവാൻ വേണ്ടതരത്തിലുള്ള സംവിധാനം ഉണ്ട്. കൂടാതെ ഉപഭോക്താക്കൾക്കും അതാത് എണ്ണക്കമ്പനികളുടെ ട്രാൻസ്പേരൻസി പോർട്ടൽ പരിശോധിക്കാവുന്നതാണ്. |
| (ഡി) | ഗ്യാസ് ഏജൻസികൾ തിരിമറി നടത്തുന്നത് തടയുവാനായി സിവിൽ സപ്ലൈസ് ഓഫീസുകളിൽ പരാതി പരിഹാര കൗണ്ടറുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | നിലവിൽ സിവിൽ സപ്ലൈസ് ഓഫീസുകളിൽ ഗ്യാസ് ഏജൻസികളെ സംബന്ധിച്ചുള്ള പരാതികൾ സ്വീകരിക്കുകയും നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. |
| (ഇ) | ഏജൻസികൾക്ക് ഓരോന്നിനും എത്ര കണക്ഷനുകളുടെ ക്വാട്ടയാണ് കമ്പനികൾ നിശ്ചയിച്ചിട്ടുള്ളത്; കൂടുതൽ കണക്ഷനുകൾ ഏതൊക്കെ ഏജൻസികളാണ് കൈകാര്യം ചെയ്യുന്നത്; അവ എത്രവീതമെന്ന് വ്യക്തമാക്കുമോ; | (ഇ) | ഏജൻസികൾക്ക് കണക്ഷനുകളുടെ ക്വാട്ട നിശ്ചയിച്ചിട്ടില്ലെന്നും എന്നാൽ റീഫിൽ സീലിംഗ് ലിമിറ്റ് നിശ്ചയിച്ചിട്ടുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (എഫ്) | ഗ്യാസ് വിതരണ ഏജൻസികളുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ, കൂടുതൽ കണക്ഷനുകളുള്ളവ ക്രമീകരിച്ച് പുതിയ ഏജൻസികൾ തുടങ്ങുവാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എഫ്) | വിപണി അനുസരിച്ച് ഏജൻസികൾ അവയ്ക്കനുവദിച്ചിട്ടുള്ള റീഫില്ലുകളുടെ പരിധി കഴിയുന്നമുറയ്ക്ക് പുതിയ ഏജൻസികൾ തുടങ്ങുവാൻ എണ്ണക്കമ്പനികൾ നടപടി സ്വീകരിക്കാറുണ്ടെന്ന് കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (ജി) | നിലവിൽ സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്ക് ഗാർഹിക ഗ്യാസ് കണക്ഷനുകൾ ഉണ്ട് എന്ന് അറിയിക്കുമോ; ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഒരു ഗാർഹിക ഗ്യാസ് സിലിണ്ടറിന്റെ വില എത്ര രൂപയായിരുന്നുവെന്നും ഇപ്പോൾ എത്ര രൂപയാണെന്നും വ്യക്തമാക്കുമോ? | (ജി) | നിലവിൽ 78.5 ലക്ഷം ഗ്യാസ് കണക്ഷനുകൾ ഉണ്ട് എന്നും ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഒരു ഗാർഹിക ഗ്യാസ് സിലിണ്ടറിന്റെ വില 364 രൂപയും ഇപ്പോഴത്തെ വില 441.50 രൂപയുമാണ് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാന തല കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ